
Inaugural Function of
ltispecies Aquaculture Complex
8th December 2018
By

समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत

The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन / Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स / Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

**Press Release**

**Union Minister Suresh Prabhu opens MPEDA Multi-species aquaculture complex at Vallarpadam.**

**Kochi, Dec 8**: Kerala must host an international summit on fishing for the crucial sector to make a steady development in the coastal state, Hon'ble Union Commerce and Industry Minister Shri Suresh Prabhu said today.

The Centre will provide all the support for such a summit that can feature experts from countries like Korea and Japan that are major consumers of India's marine food, he said after inaugurating a pioneering multispecies aquaculture complex built by the Marine Products Export Development Authority (MPEDA) in Vallarpadom island. The Rs 7.26-crore state-of-the-art facility in 9 acres of land facilitates production of marine food from disease-free breeds, featuring a hatchery for black tiger shrimp and six nurseries.

Noting that value-added products will play an increasingly decisive role in the growth of the fishing sector, Shri Prabhu said India was aiming at a 60-million-dollar turnover of Agricultural exports in the next five years. He called upon fish farmers to eye international market and fulfil international business parameters.

The minister exhorted fish farmers to rely majorly on sustainable technology, adding that MPEDA will offer help on this front. "India's fishing sector is facing multiple problems, also owing to climate change. That gives fresh vitality to aquaculture using inland water-bodies," he added.

Minister emphasized that export should be the ultimate aim of each aqua farmer and they should ensure that the aquaculture produce are sustainable and meets the export quality norms. MPEDA will offer all kinds of assistance in this direction, he added.

Shri Prabhu later distributed fingerlings raised at the MPEDA aquaculture complex to farmers and deposited a fresh bunch of fingerlings at its hatchery.

The new MPEDA project will cater to the demand from the aquaculture farmers in Kerala as well as the neighbouring states. Its highlight is a hatchery for black tiger shrimp and six nurseries for Mud crab and 4 varieties of fin fishes namely Seabass, Cobia, Silver Pompano and GIFT (Genetically improved Farmed Tilapia). The hatchery has an annual production capacity of 20 Million post-larval Black Tiger shrimp, and the nurseries can produce 16.5 lakh fingerlings of fin fishes and 0.5 lakh crablets which will help the farmers to diversify and scale up the aquaculture production.

The hatchery has a quarantine facility and an effluent treatment system as per biosecurity norms. The nurseries meant for diversified fish/shellfish species are ponds lined with high density polythene and provided with necessary biosecurity protocols.

The facility's proximity to the international airport is an added advantage, ensuring faster transportation of seeds. The Vallarpadom facility can become a model for the establishment of similar facilities in other parts of the country especially in the Konkan region and parts of Maharashtra.

Smt J. Mercykuty Amma, Hon'ble Kerala Minister for Fisheries, Harbour Engineering and Cashew Industry, said the MPEDA complex will boost Kerala's fishing sector. "As much as 57 per cent of the country's fish production comes

from aquaculture, but this is much less in Kerala," she added, presiding over the function. Aquaculture in the state should focus more on inland water-bodies, Smt Mercykutty Amma added, supporting Shri Prabhu's view.

Prof. K.V. Thomas, Hon'ble MP, expressed the concern on dwindling catches from the marine sector and hoped that MPEDA's new facility at Vallarpadam will help to compensate the gap in fish production through aquaculture.

The other speakers were Shri S. Sarma, Hon'ble MLA, Dr A. Jayathilak former chairman MPEDA and Secretary Kerala Port Department, MPEDA Chairman Shri K.S. Srinivas IAS who is the President of RGCA, and MPEDA Secretary Shri B. Sreekumar.

The Union Minister also inaugurated MPEDA's signature stall that will function from the authority's headquarters in Ernakulam.

The MPEDA's signature stall, named 'Seafood India', is a 1700-sq ft facility in Panampilly Nagar, selling and displaying value-added marine products of exporters, besides exhibiting products developed by prominent fisheries research institutions such as CMFRI, CIFT and NIFPHATT. It also has literature narrating the activities of MPEDA and its societies such as NETFISH, RGCA and NaCSA. Enabled with information kiosks to browse the details about each product displayed in the stall, the stall provides information ranging from its production, processing, cooking and nutritional content also, making it a 'must visit' spot in the city.

ENDS

समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कोच्ची-682036, भारत
**The Marine Products Export Development Authority**
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

പത്രക്കുറിപ്പ് 08.12.2018

# എം.പി.ഇ.ഡി.എ യുടെ വല്ലാർപാടത്തെ മൾട്ടിസ്പീഷീസ് അക്വാകൾച്ചർ സെന്റർ കേന്ദ്രമന്ത്രി സുരേഷ് പ്രഭു രാജ്യത്തിന സമർപ്പിച്ചു

കൊച്ചി: മത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിന് കേരളത്തിൽ ഒരു അന്താരാഷ്ട്ര സമ്മേളനം വിളിച്ചു ചേർക്കണമെന്ന് കേന്ദ്രവാണിജ്യ-വ്യോമയാന വകുപ്പ് മന്ത്രി ശ്രീ സുരേഷ് പ്രഭു പറഞ്ഞു. ഇതിനാവശ്യമായ എല്ലാ സഹായവും കേന്ദ്രസർക്കാർ നൽകാമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തു. കൊച്ചി വല്ലാർപാടത്ത് 7.26 കോടി രൂപ ചെലവിട്ട് നിർമ്മിച്ച സമുദ്രോത്പന്ന കയറ്റുമതി അതോറിറ്റിയുടെ(എം.പി.ഇ.ഡി.എ) മൾട്ടിസ്പീഷീസ് അക്വാകൾച്ചർ സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മൂല്യവർധിത ഉത്പന്നങ്ങളാണ് ഭാവിയുടെ പ്രതീക്ഷയെന്ന തിരിച്ചറിവ് ഉണ്ടാകണമെന്ന് ശ്രീ സുരേഷ് പ്രഭു പറഞ്ഞു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കാർഷികോത്പന്നമേഖലയിലെ കയറ്റുമതി 60 ബില്യൺ ഡോളറാക്കുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. ജപ്പാൻ, കൊറിയ മുതലായ രാജ്യങ്ങളിൽ ഇന്ത്യയിലെ സമുദ്രോത്പന്നങ്ങൾക്ക് ആവശ്യക്കാരേറെയാണ്. അവിടെ നിന്നുള്ള വാണിജ്യ സംഘത്തെ ഉൾപ്പെടുത്തി കേരളത്തിൽ വാണിജ്യ-നിക്ഷേപക സംഗമം വിളിക്കാവുന്നതാണ്. അതിനായി എല്ലാ സഹായവും കേന്ദ്രസർക്കാർ നൽകും. കയറ്റുമതി മേഖല, കർഷകർ തുടങ്ങി എല്ലാ മേഖലയിലുള്ളവരുമായും വിദഗ്ധ സംഘത്തിന ആശയവിനിമയം നടത്താൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ മത്സ്യബന്ധന മേഖല ഇന്ന ബഹുമുഖമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം മൂലം ഏറ്റവുമധികം ഭീഷണി നേരിടുന്നത് സമുദ്രത്തിലെ മത്സ്യസമ്പത്തിനാണ്. ഈ സാഹചര്യത്തിൽ ഉൾനാടൻ ജലാശയങ്ങളിലൂടെയുള്ള മത്സ്യകൃഷിക്ക് ഏറെ പ്രാധാന്യമുണ്ട്.

കയറ്റുമതി ലക്ഷ്യം വച്ചു കൊണ്ടാകണം ഓരോ കർഷകനും മത്സ്യകൃഷിയെ കാണേണ്ടതെന്ന് മന്ത്രി പറഞ്ഞു. അതിനായി കയറ്റുമതി മാനദണ്ഡങ്ങൾ പാലിക്കാൻ കർഷകർ ശ്രദ്ധിക്കണം. മത്സ്യകൃഷിയിൽ സുസ്ഥിരമായ സാങ്കേതിക വിദ്യ പൂർണമായും ഉപയോഗിക്കണം. ഇതിനായി എല്ലാ സഹായവും എം.പി.ഇ.ഡി.എ കർഷകർക്ക് നൽകുമെന്നും മന്ത്രി പറഞ്ഞു.

അക്വാകൾച്ചർ സെന്ററിൽ നിന്ന് കർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെയും കേന്ദ്രമന്ത്രി വിതരണം ചെയ്തു. നഴ്സറിയിലേക്ക് ആദ്യ ബാച്ച് മത്സ്യക്കുഞ്ഞുങ്ങളെ മന്ത്രി നിക്ഷേപിച്ചു.

രാജ്യത്തെ മത്സ്യോത്പാദനത്തിൽ വിപ്ലവകരമായ കുതിച്ചു ചാട്ടത്തിനാണ് എം. പി. ഇ. ഡി. എ യുടെ മൾട്ടി സ്പീഷീസ് അക്വാകൾചർ സെന്റർ വഴിയൊരുക്കുന്നത്. വല്ലാർപാടത്ത് എം. പി. ഇ. ഡി. എയുടെ കീഴിലുള്ള ഒമ്പത് ഏക്കറിലാണ് പദ്ധതി. ആഗോളതലത്തിൽ ഏറെ വാണിജ്യപ്രാധാന്യമുള്ള കാരച്ചെമ്മീൻ, വളവോട്(പൊംപാനോ), കാളാഞ്ചി, മോത, ഗിഫ്റ്റ് തിലാപ്പിയ, ഞണ്ട് എന്നിവയുടെ രോഗരഹിതമായ കുഞ്ഞുങ്ങളെയാണ് ആദ്യപടിയായി ഇവിടെ നിന്നും നൽകിത്തുടങ്ങുന്നത്.

സെന്ററിലെ 20 ദശലക്ഷം ശേഷിയുള്ള കാരച്ചെമ്മീൻ വിത്തുൽപാദന കേന്ദ്രമാണ് ഏറ്റവും വലിയ ആകർഷണം. ഒരു കാലത്ത് ഇന്ത്യയിലെ ചെമ്മീൻ കൃഷിയുടെ മുഖ്യ ആകർഷണമായിരുന്ന കാരച്ചെമ്മീൻ കൃഷിയുടെ പുനരുജ്ജീവനവും ഇതിലൂടെ എം. പി. ഇ. ഡി. എ ലക്ഷ്യമിടുന്നു. ഇതു കൂടാതെ കാളാഞ്ചി, മോത, ഗിഫ്റ്റ് തിലാപ്പിയ, വളവോട് (പൊംപാനോ)

समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत
The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India
फोन Phone: 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स Fax: 91-484-2313361
E-mail: ho@mpeda.gov.in
Website: www.mpeda.com

എന്നിവയുടെ 16.5 ലക്ഷം കുഞ്ഞുങ്ങളെയും, അര ലക്ഷം ഞണ്ട് കുഞ്ഞുങ്ങളെയും പരിപാലിക്കാൻ ശേഷിയുള്ള 6 നഴ്സറികളും ഈ പദ്ധതിയിൽ സജ്ജമാണ്.

സുരക്ഷിതമായ പ്രവർത്തനം നടത്തുന്നതിനാവശ്യമായ മികച്ച ക്വാറന്റൈൻ സംവിധാനവും മലിനജല നിയന്ത്രണ സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ജൈവസുരക്ഷയ്ക്കാവശ്യമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് കുളങ്ങളടക്കമുള്ളവയുടെ നിർമ്മാണം നടത്തിയത്.

സുസ്ഥിര മത്സ്യകൃഷിക്ക് ഏറ്റവും തടസ്സമായിട്ടുള്ളത് രോഗരഹിതമായിട്ടുള്ള മീൻ കുഞ്ഞുങ്ങളുടെ അഭാവമാണ്. എം. പി. ഇ. ഡി. എ യുടെ ഈ ചുവടു വയ്പ് മഹാരാഷ്ട്രയിലെ കൊങ്കൺ പ്രദേശമടക്കമുള്ള രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതേ രീതിയിലുള്ള മറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന വഴിയൊരുക്കും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം അടുത്തുള്ളതിനാൽ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ ഇതര സംസ്ഥാനങ്ങളിലുള്ള വിപണന കേന്ദ്രങ്ങളിൽ വളരെ വേഗം എത്തിക്കാൻ സാധിക്കും.

മത്സ്യകൃഷിയിൽ സ്വയംപര്യാപ്തതയിലെത്താൻ സംസ്ഥാനത്തിനാവശ്യമുള്ളയത്രയും മത്സ്യക്കുഞ്ഞുങ്ങളെ ഇവിടെ നിന്നും ലഭിക്കുമെന്നത് സംസ്ഥാനത്തിന ഏറെ ഗുണകരമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സംസ്ഥാന ഫിഷറീസ്, ഹാർബർ എൻജിനീയറിംഗ്, കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി ശ്രീമതി ജെ മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. വൈവിദ്ധ്യമാർന്ന ഇനം മത്സ്യക്കുഞ്ഞുങ്ങൾ എം.പി.ഇ.ഡി.എ യുടെ പ്രജനന കേന്ദ്രത്തിലുണ്ട്. രാജ്യത്തെ മത്സ്യോത്പാദനത്തിന്റെ 57 ശതമാനം കൃഷിയിലൂടെയാണെങ്കിലും കേരളത്തിൽ ഇത് തുലോം കുറവാണ്. ഉൾനാടൻ ജലാശയങ്ങളെ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുക വഴി മത്സ്യോത്പാദനത്തിൽ വലിയ നേട്ടം സംസ്ഥാനത്തിന കൈവരിക്കാൻ സാധിക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

നമ്മുടെ സമുദ്രത്തിലെയും കായലിലേയും മത്സ്യസമ്പത്ത് ക്രമേണ കുറഞ്ഞു വരികയാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടാകണം മത്സ്യമേഖല പ്രവർത്തിക്കേണ്ടതെന്ന് എറണാകുളം എം പി കെവി തോമസ് പറഞ്ഞു. ഈ പ്രതിസന്ധി തരണം ചെയ്യാൻ മത്സ്യകൃഷിയാണ് പരിഹാരമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മത്സ്യമേഖലയിലെ സമസ്ത വിഭാഗങ്ങളിലെയും സ്ഥാപനങ്ങൾ ഇവിടെയുള്ളതിനാൽ രാജ്യത്തിന വഴികാട്ടാനാവുന്ന ശേഷി കൊച്ചിയ്ക്കുണ്ടെന്ന് വൈപ്പിൻ എം എൽ എ ശ്രീ എസ് ശർമ്മ പറഞ്ഞു. മത്സ്യമേഖലയിലെ സുസ്ഥിര വികസനത്തിന വല്ലാർപാടത്തെ പ്രജനന കേന്ദ്രം മുതൽക്കൂട്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

തമിഴ്നാട്ടിൽ നിന്നുള്ള രാജ്യസഭ എംപി എ നവനീത് കൃഷ്ണൻ, എം.പി.ഇ.ഡി.എ മുൻ ചെയർമാനും സംസ്ഥാന തുറമുഖ വകുപ്പ് സെക്രട്ടറി ഡോ. എ ജയതിലക് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. എം. പി. ഇ. ഡി. എ ചെയർമാൻ ശ്രീ കെ എസ് ശ്രീനിവാസ് സ്വാഗതവും സെക്രട്ടറി ശ്രീ ബി ശ്രീകുമാർ കൃതജ്ഞതയും പറഞ്ഞു.

പ്രസ്തുത പരിപാടിയ്ക്കു ശേഷം ശ്രീ സുരേഷ് പ്രഭു കൊച്ചി പനമ്പിള്ളി നഗറിലെ എം.പി.ഇ.ഡി.എ ആസ്ഥാനമന്ദിരത്തിൽ സജ്ജീകരിച്ച സീഫുഡ് ഇന്ത്യ എന്ന പ്രദർശന-വിൽപന കേന്ദ്രത്തിന്റെ പ്രവർത്തനോദ്ഘാടനവും നിർവഹിച്ചു. എംപിഇഡിഎയുടെ ആസ്ഥാനമന്ദിരത്തിൽ 1700 ചതുരശ്ര അടിയിലാണ സീഫുഡ് ഇന്ത്യ പ്രവർത്തനം തുടങ്ങിയിരിക്കുന്നത്. ആഗോളതലത്തിലും ആഭ്യന്തരതലത്തിലും മികവ് പുലർത്തുന്ന മത്സ്യോത്പന്നങ്ങളുടെ വിപണനം, പ്രദർശനം, പോഷകവിശദാംശങ്ങൾ, പാചക വിധി എന്നിവയെല്ലാം സീഫുഡ് ഇന്ത്യയിലുണ്ടാകും. സി.എം.എഫ്.ആർ.ഐ, സി.ഐ.എഫ്.ടി, നിഫാറ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ

समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत

The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन / Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स / Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

ഉത്പന്നങ്ങളും പ്രദർശിപ്പിച്ചിട്ടുണ്ട്. എം.പി.ഇ.ഡി.എ സ്ഥാപനങ്ങളായ നെറ്റ്ഫിഷ്, ആർ.ജി.സി.എ, എൻ.എ.സി.എസ്.എ എന്നിവയുടെ പ്രസിദ്ധീകരണങ്ങളും ഇവിടെയുണ്ടാകും.

രാജ്യത്തെ വിവിധ സമുദ്രോത്പന്ന കയറ്റുമതിക്കാർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനായി 600 ചതുരശ്ര അടിയാണ് സീഫുഡ് ഇന്ത്യയിൽ നീക്കി വച്ചിരിക്കുന്നത്. മത്സ്യോത്പന്നങ്ങളുടെ പൂർണവിവരമടങ്ങുന്ന കിയോസ്കുകൾ സീഫുഡ് ഇന്ത്യയുടെ മുഖ്യ ആകർഷണമാണ്.